

ശിവദാസൻ എ.കെ


# അസഹിഷ്ണുക്കളാകാതിരിക്കുക

കബീർ പാടുന്നു. ഗുരുവിനാൽ അഭിഷിക്തനായവൻ കേൾക്കുന്നു അശ്രവ്യമായതും അതിസൂക്ഷ്മവുമായ പ്രപഞ്ചനാദം.

ഒരു കുഞ്ഞായിരുന്നപ്പോൾ കേട്ട നാദങ്ങളും കണ്ട കാഴ്ചകളും വളർന്നു പോയപ്പോൾ എവിടെപ്പോയി എന്ന് വിലപിക്കുന്ന ഒരു ഇംഗ്ലീഷ് കാവ്യമുണ്ട്. വളരും തോറും മനുഷ്യർ അസഹിഷ്ണുക്കളാവുകയാണ്. അസഹിഷ്ണുത എന്ന് നാം തുടർച്ചയായി കേൾക്കുന്നു. ഇത് എന്നുമുണ്ട്. അത് ജനാധിപത്യ വിരുദ്ധമാണ്. മറ്റൊരു വാക്കിനോ , നോക്കിനോ ഇടം കൊടുക്കാത്ത ഒന്ന്. ലോകമെങ്ങും അസഹിഷ്ണുത കൂടിയോ കുറഞ്ഞോ നിൽക്കുന്നു. ചിലപ്പോളത് മതത്തിന്റെ പേരിലാകാം. ചിലപ്പോൾ വംശത്തിന്റെ, ഭാഷയുടെ, നിറത്തിന്റെ എങ്ങനെയുമാകാം. ഈ ലോകത്തുണ്ടായ മുഴുവൻ അസ്സമാധാനവും ഈ അസഹിഷ്ണുതയിൽ നിന്നുടലെടുത്തതാണ്.

നാം ചരിത്രത്തെ മറക്കും തോറും വേരുകൾ നഷ്ടപ്പെട്ട , ഉൾകാമ്പില്ലാത്ത ചെടിപോലെ മാറുകയാണ്. എങ്ങോട്ടുവേണമെങ്കിലും ആർക്കും എളുപ്പത്തിൽ വളക്കാനോ ഒടിക്കാനോ പറ്റുന്ന ഒന്ന്. വെറുപ്പിന്റെ വിരോധത്തിന്റെ മുദ്രാവാക്യങ്ങൾക്ക് പിന്നിൽ കൂട്ടം ചേരുന്നവർ സ്വന്തം ബുദ്ധി പണയം വെയ്ക്കുകയാണ്. സമാധാനമുള്ളിടത്ത് അസ്സമാധാനമുണ്ടാക്കി താല്കാലിക നേട്ടങ്ങൾക്കായി നേതാക്കളെന്നു നടിക്കുന്നവർ രംഗത്തിറങ്ങുന്നു. ഇത്തരം നേതാക്കളെകൊണ്ട് നമുക്ക് എന്താണ് കാര്യം. അവർ വെറുപ്പിനെ കുറിച്ചാണ് പറയുന്നത്. ചിലർ സ്ത്രീകളെ ആക്ഷേപിക്കുന്നു. സ്ത്രീയോ, പുരുഷനോ ആരാണ് വലുത് എന്നല്ല. സ്ത്രീയില്ലെങ്കിൽ പുരുഷനില്ല എന്നതാണ് കാര്യം. പുരുഷൻമാർക്ക് മാത്രമായി ഒരു ലോകവുമില്ല. പരസ്പരപൂരകമാണത്. നാം ഈ പ്രപഞ്ചത്തിലേക്ക് കണ്ണു തുറന്ന് നോക്കിയാൽ നമുക്കത് ബോധ്യമാകും. ചിലർക്ക് സ്ത്രീ ഒരു ശരീരമാണ്. എന്നു പറഞ്ഞാൽ ഒരു ലൈംഗിക വസ്തു. തന്നെ പ്രസവിച്ചതൊരു സ്ത്രീയെന്നോ സഹോദരി ഒരു സ്ത്രീയെന്നോ മകളൊരു സ്ത്രീയെന്നോ വിവക്ഷയില്ല. എത്ര പ്രഗത്ഭനാകട്ടെ ആർക്കെങ്കലുമൊരു അമ്മയെ കൃത്രിമമായി സൃഷ്ടിക്കാനാകുമോ, ഒരു സഹോദരിയുടെ കരുതൽ , ഒരു കാമുകിയുടെ നോട്ടം, ഒരു മകളുടെ വാത്സല്യം, ഒരു ഭാര്യയുടെ കനിവ് ഇത് സൃഷ്ടിക്കാനാകുമോ. ഇതിനൊന്നും നിർവചനമില്ല. അത് അനന്തമായ ഒരു സത്യമാണ്. ഇത് ബോദ്ധ്യപ്പെടുന്നിടത്ത് അവകാശത്തർക്കങ്ങളും ഏറ്റുമുട്ടലുകളുമുണ്ടാകുന്നില്ല. ഇതും ഒരു തരം അദ്ധ്യാത്മികതയാണ്. പ്രപഞ്ചം നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. കബീർ പറയുന്നതുപോലെ പ്രപഞ്ചത്തിന്റെ നാദം





ശ്രവിക്കുമ്പോൾ ലഭ്യമാകുന്നത്. അതിന് നല്ല ഗുരുക്കൻമാർ വേണം. അദ്ധ്യാത്മികത നഷ്ടപ്പെട്ടവർ ഉള്ളു പൊള്ളയായ ചെണ്ടകളെപ്പോലെ ശബ്ദമുണ്ടാക്കുന്നു. നമ്മെ അസ്വസ്ഥരാക്കുന്നു. നമ്മെ അസ്വസ്ഥരാക്കുന്ന ഗുരുക്കൻമാരെകൊണ്ട് എന്തു പ്രയോജനമാണുള്ളത്.

ബുദ്ധനെ ഉദ്ധരിച്ച് ഓഷോ പറയുന്നു.
"ആസക്തിയോളം പൊള്ളുന്ന തീയില്ല
വെറുപ്പോളം മുറുകുന്ന ചങ്ങലയില്ല
മതിഭ്രമം ഒരു വലയാണ്
കാമന കുതിച്ചൊഴുകുന്ന പുഴയും"

അഗ്നി സമാനനായി നമുക്കിടയിലൂടെ കടന്നുപോയ നൂറ്റാണ്ടിന്റെ മഹാഗുരു ശ്രീനാരായണഗുരുദേവൻ ഒരു വാക്കുകൊണ്ടുപോലും വെറുപ്പ് പ്രചരിപ്പിച്ചിട്ടില്ല. എന്നാൽ അദ്ദേഹം എതിർക്കേണ്ടതെല്ലാം എതിർക്കുകയും ചെയ്തു.

സ്വയം വളരാതെ മറ്റാരെയെങ്കിലും തളർത്തിയതു കൊണ്ട് ആരും വളരുകയില്ല. അതൊരു തോന്നലാണ്. കിടക്കുന്ന ഒരുവന്റെ അടുത്ത് നിൽക്കുമ്പോൾ തോന്നുന്ന അവസ്ഥ. ശ്രീനാരായണസന്ദേശം കൊണ്ട് ഒരു ഗുണവുമില്ല എന്ന് കരുതുന്നവർ ശ്രീനാരായണഗുരുവിനെ ഉപേക്ഷിക്കുകയാണ് നല്ലത്. വിശ്വാസത്തിന്റെ പേരിൽ ഒറ്റപ്പെട്ട് ആരും സമാധാനത്തോടെ ജീവിച്ചിട്ടില്ല. മനുഷ്യജീവിതം സംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങലാണ്. വിവിധ വിശ്വാസങ്ങളുടെ സമന്വയമാണ്. ഏത് വിശ്വാസമാകട്ടെ, വിശ്വാസത്തിന്റെ പേരിൽ സാസ്കാരിക ചേർച്ചകളെ തടയുന്നവർ മനുഷ്യവികാസത്തെ തടയുകയാണ്. നമുക്ക് ചുറ്റും അസഹിഷ്ണുതയുടെ വാദങ്ങളാണ് കൂടുതൽ. ഇത്തരം വാദങ്ങൾ പുലമ്പലുകൾ ലോകത്തൊരിടത്തും സമാധാനമുണ്ടാക്കിയിട്ടില്ല. ഒരു സംസ്കാരത്തെയും വളർത്തിയിട്ടില്ല. അതെല്ലാം യുദ്ധത്തിലേക്കും കെടുതികളിലേക്കുമുള്ള യാത്രകളായിരുന്നു. നമ്മുടെ എല്ലാ തത്വ ശാസത്രങ്ങളും നിഷ്കളങ്കരായ മനുഷ്യസ്നേഹികളുടെ സംഭാവനയാണ്. നല്ല ഗുരുക്കൻമാർക്ക് നിഷ്കളങ്കരും മനുഷ്യസ്നേഹികളുമായേ പറ്റൂ. കാരണം നമ്മിലുള്ളതേ മറ്റുള്ളവർക്ക് പങ്കുവെയ്ക്കാനാകൂ.

അസഹിഷ്ണുക്കൾ ഏറ്റുമുട്ടാൻ ഒരു പൊതുശത്രുവില്ലാത്ത പക്ഷം പരസ്പരം ഏറ്റുമുട്ടാൻ തുടങ്ങും. അതവരുടെ സംസ്കാരമാണ്. അവർക്കങ്ങനെയേ നിൽക്കാനാകൂ. നമുക്ക് ആൾകൂട്ടത്തിലൊരാളായി വേണമെങ്കിൽ സ്വയം മലിനപ്പെടുത്താം. അല്ലെങ്കിൽ നല്ല വാക്കുകളെ പിൻതുടർന്ന് അനന്തമായ പ്രപഞ്ചത്തിന്റെ സംഗീതത്തിന് കാതോർക്കാം.